## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *80 — 25/01/2018-ൽ മറുപടിയ്ക്ക്.

## പാലുല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ.എം.ഉമ്മർ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായ പാൽ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമായിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു.<br>മിൽമയ്ക്ക് പ്രതിദിനം വിപണനത്തിനും പാലുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനു-മായി ശരാശരി 14.5 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ് |
| (ബി) | ഇതിൽ എത്ര ശതമാനം പാൽ ആണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്; | (ബി) | സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ 80 ശതമാനത്തിലധികം പാൽ ഉല്പാദിപ്പിക്ക-പ്പെടുന്നു എന്നു കണക്കാക്കപ്പെടുന്നു. |
| (സി) | പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, അവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. |

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാൽ ഉല്പാദനത്തിലെ സ്വയം പര്യാപ്തത ലാക്കാക്കി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാലിത്തീറ്റ സബ്സിഡി, കന്നുകാലികളെ വാങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട്, കർഷകർക്കും കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ, ഡയറി ഫാമുകളുടെ ആധുനികവൽക്കരണം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

സെക്ഷൻ ഓഫീസർ